File No: HEDN -L3/166/2021-HEDN

'ഭരണഭാഷ -മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം- ജീവനക്കാര്യം - മതിയായ യോഗ്യതയുടെ അഭാവത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള പോളിടെക്നിക്കുകളിൽ ഒഴിഞ്ഞു കിടക്കുന്ന, വകുപ്പ് മേധാവി തസ്തികകളെ ലക്ചറർ തസ്തികകളാക്കി താൽക്കാലികമായി തരംതാഴ്ത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

**സ.ഉ.(സാധാ)നം. 1009/2021 /ഉ.വി.വ**

**തീയതി, തിരുവനന്തപുരം,05.08.2021**

പരാമർശം:- 1.08.06.2021 തീയതിയിലെ സ.ഉ(കൈ) നം 13/2021/ഉ.ഭ.പ. വ. ഉത്തരവ്

2. സിവിൽ വിഭാഗം റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ 26.06.2021 തീയതിയിൽ സമർപ്പിച്ച നിവേദനം.

3.സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 25.07.2021 തീയതിയിലെ എൽ1/22664/21/ഡി.ടി.ഇ. നം കത്ത്.

<u>**ഉത്തരവ്**</u>

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 8 പോളിടെക്നിക്കുകളിൽ വകുപ്പ് മേധാവി തസ്തിക ഒഴിഞ്ഞ് കിടക്കുകയാണെന്നും ,ആ തസ്തികകളെ ലക്ചർ തസ്തികയായി മാറ്റം ചെയ്ത് പി.എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ കാലാവധി അവസാനിക്കുന്ന ലക്ചറർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിക്കാൻ ഇടയാകും എന്നതിനാൽ വകുപ്പ് മേധാവി തസ്തികകളെ ലക്ചറർ തസ്തികകളാക്കി തരം താഴ്ത്തി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് അപേക്ഷിച്ചുകൊണ്ട് സിവിൽ വിഭാഗം റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ പരാമർശം (2) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2) സർക്കാർ പോളിടെക്നിക് കോളേജുകളിൽ ഹെഡ് ഓഫ് സെക്ഷൻ കേഡറുകളിൽ വിരമിക്കലിനെ തുടർന്നുണ്ടായ ഒഴിവുകൾ നിലനിൽക്കുന്നുണ്ടെങ്കിലും , യോഗ്യരായ ജീവനക്കാരുടെ അഭാവം കൊണ്ട് അവ നികത്താനാകാത്ത സാഹചര്യമാണ് നിലവിൽ ഉള്ളതെന്നും,2021 വരെ സർക്കാർ പോളിടെക്നിക് കോളേജിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ വകുപ്പ് മേധാവികളുടെ , 11 ഒഴിവുകളും,സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 8 ഒഴിവുകളും ഓട്ടൊമൊബൈൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒരു ഒഴിവും ഉള്ളതായും പ്രസ്തുത തസ്തികകൾ തരംതാഴ്ത്തുന്നതിലൂടെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ലക്ചർ തസ്തിക 11 ഉം , സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 8 ഉം , ഓട്ടൊമൊബൈൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒരു ലക്ചർ തസ്തികയും ഉണ്ടാകുന്നു എന്നും ആയതിനാൽ മേൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നതും ,

പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതുമായ ബ്രാഞ്ചുകളിലെ 20 ഹെഡ് ഓഫ് സെക്ഷൻ തസ്തികകളെയും , പി എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിലേക്കായ് അതതു ബ്രാഞ്ചുകളിലെ ലക്ചറർ തസ്തികകളാക്കി താൽക്കാലികമായി തരം താഴ്ത്തി കൊണ്ടും , പ്രമോഷനു യോഗ്യരായ ജീവനക്കാർ ഉണ്ടാകുന്ന മുറയ്ക്ക് ടി തസ്തികകളെ അപ്ഗ്രേഡ് ചെയ്ത് പ്രമോഷൻ നൽകുന്നതാണെന്ന വ്യവസ്ഥയിലും ഉത്തരവ് ഉണ്ടാകണമെന്ന് ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിരുന്നു. ഇപ്രകാരം തസ്തികകൾ തരം താഴ്ത്തുന്നതു നിമിത്തം യാതൊരു വിധ അധിക സാമ്പത്തിക ബാധ്യതയും ഉണ്ടാകുന്നില്ല എന്നും ഡയറക്ടർ അറിയിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിൻെറ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള മതിയായ യോഗ്യതയുടെ അഭാവത്തിൽ ഒഴിഞ്ഞു കിടക്കുന്ന, വകുപ്പ് മേധാവി തസ്തികകളെ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നതിൻ പ്രകാരം ലക്ചറർ തസ്തികകളാക്കി താൽക്കാലികമായി തരംതാഴ്ത്തി അപ്രകാരം ഉണ്ടാകുന്ന 20 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വകുപ്പ് മേധാവി തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് പ്രൊമോഷന് യോഗ്യരായ ജീവനക്കാർ ഉണ്ടാകുന്ന മുറയ്ക്ക് ടി തസ്തികകളെ അപ്ഗ്രേഡ് ചെയ്ത് ചെയ്യുന്നതിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വീകരിയ്ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജുകുമാർ.എൻ**
**ജോയിൻറ് സെക്രട്ടറി**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ, അക്കൗണ്ടൻ്റ് ജനറൽ (ഓഡിറ്റ്) ,കേരള, തിരുവനന്തപുരം.
അക്കൗണ്ടൻ്റ് ജനറൽ (എ&ഇ), കേരളം, കോട്ടയം.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (08.06.2021 തീയതിയിലെ സ.ഉ(കൈ) നം 13/2021/ഉ.ഭ.പ. വ. ഉത്തരവ് പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ്&ന്യൂമീഡിയ)
www.highereducation.kerala.gov.in
സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Geetha Jeleshy

സെക്ഷൻ ഓഫീസർ

## Annexure

| No. | Name of post to be degraded | Total No. of vacancies which may arise after recasting promotions in the post of HOD upto 1.3.2019 due to lack of qualified hands as per AICTE Norms 2010 and vacancies which arose after 01.03.2019 upto 31.12.2020 | No of retirement vacancies 2021 | Total number of vacancies upto 2021 for degrading | Name of post to be degraded |
|---|---|---|---|---|---|
| 1 | Head of Department Electrical Engineering, government Polytechnic Colleges | 10 | 1 | 11 | Lecturer in Electrical Engineering Government Polytechnic Colleges |
| 2 | Head of Department Civil Engineering, government Polytechnic Colleges | 05 | 03 | 08 | Lecturer in Civil Engineering Government Polytechnic Colleges |
| 3 | Head of Department Automobile Engineering, government Polytechnic Colleges | 01( vacancy which arose on 01.05.2020) | nil | 01 | Lecturer in Automobile Engineering Government Polytechnic Colleges |